**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 290** **23-08-2022 - ൽ മറുപടിയ്ക്ക്**

**വിശപ്പുരഹിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്; | (എ) | 2 എണ്ണം ആരംഭിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; അപേക്ഷകളിൽ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ; | (ബി) | 6 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച അപേക്ഷകളിൽ രണ്ടു നിയോജകമണ്ഡലങ്ങളിൽ ഹോട്ടലുകൾ ആരംഭിക്കുകയും മറ്റ് അപേക്ഷകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് ഹോട്ടൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിന് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് ർഅറിയിക്കാമോ? | (സി) | സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി പരമാവധി 10 ലക്ഷം രൂപ വരെ ഓരോ ഹോട്ടലിനും അനുവദിക്കുന്നതാണ്. 20/- രൂപ നിരക്കിൽ വിൽപ്പന നടത്തുന്ന ഉച്ചഭക്ഷണത്തിൽ ഒരു ഊണിന് 5/- രൂപ നിരക്കിൽ നടത്തുന്ന ഏജൻസിയ്ക്ക് പരിശോധനയ്ക്ക് വിധേയമായി സബ്സിഡിയും നൽകുന്നുണ്ട്. കൂടാതെ പൊതുവിതരണത്തിന് ലഭ്യമാകുന്ന ടൈഡ് ഓവർ വിഹിതത്തിൽ നിന്നും പരമാവധി 600 കിലോ അരി കിലോഗ്രാമിന് 10.90/- രൂപ നിരക്കിൽ നൽകുന്നുണ്ട്. ഹോട്ടലിന്റെ തുടർ നടത്തിപ്പിനായി ഇലക്ട്രിസിറ്റി ചാർജ്, വെള്ളക്കരം, ആവശ്യമെങ്കിൽ കെട്ടിട വാടക, സബ്സിഡി തുക എന്നിവയ്ക്കായി ആവർത്തന ചെലവിനത്തിൽ തുക അനുവദിക്കുന്നതിനും വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ